## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1758 — 31.01.2018-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് വകുപ്പിലെ ഒഴിവുകൾ

**ചോദ്യം** — **ഉത്തരം**

**ശ്രീ. കെ. ബാബു** — **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറി മുതൽ ഡെപ്യൂട്ടി ഡയറക്ടർ വരെയുള്ള തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14 ഒഴിവുകളും, അക്കൗണ്ട്സ് ഓഫീസറുടെ 1-ഉം ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) & (സി) | പഞ്ചായത്ത് വകുപ്പിൽ നിലനിന്നിരുന്ന സീനിയോറിറ്റി തർക്കവും അതിനെത്തുടർന്നുണ്ടായ കോടതി വ്യവഹാരങ്ങളും കാരണം ദീർഘകാലം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ കൂടാനോ, പ്രൊമോഷൻ നൽകുവാനോ കഴിഞ്ഞിരുന്നില്ല. എന്നാൽ ബഹു. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ തസ്തികകളുടെയും സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി സെക്രട്ടറി/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ/സീനിയർ സൂപ്രണ്ട് തസ്തികകളിലെ മുഴുവൻ ഒഴിവുകളും |
| (സി) | നിലവിൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ഒരൊഴിവ് ഒഴികെയുള്ള മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ട്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ ലഭിച്ചവർ പ്രൊബേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ ഒഴിവുകൾ നികത്താൻ കഴിയും. ഒഴിവുള്ള ഒരു പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തിക (അക്കൗണ്ട്സ് ഓഫീസർ) വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**